ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ നടത്തണമെന്നും പൊതുജനങ്ങളെ ബോധവൽക്കരിച്ചു വരികയാണ്. എന്നാൽ അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകൾ

279 (281) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര കഴൽപ്പണകടത്തുകാരെ പിടികൂടുകയുണ്ടായി ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; മൊത്തം എത്ര തുക പിടികൂടുകയുണ്ടായി ;

(ബി) സംസ്ഥാനത്ത് കഴൽപണകടത്ത് വ്യാപകമായിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് കഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ 35 കഴൽ പണക്കടത്തുകാരെ പിടികൂടുകയുണ്ടായി. 21 കേസ്സുകൾ രജിസ്റ്റർ ചെയ്തു. മൊത്തം 9,89,01,325 രൂപ പിടികൂടുകയുണ്ടായി.

(ബി) സംസ്ഥാനത്ത് കഴൽപണ കടത്ത് വ്യാപകമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് കഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

പാമോലിൻ കേസ്

280 (282) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോലിൻ കേസ് സി.ബി.ഐ. അന്വേഷിക്കണമായിരുന്നെന്ന ബഹു. സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേസ് പിൻവലിക്കാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടു പോകുമ്പോൾ പോലീസ് എന്ത് അന്വേഷണമാണ് നടത്തുകയെന്നും, ഇത്തരമൊരു കേസ് പോലീസ് വീണ്ടും വീണ്ടും, അന്വേഷിക്കുന്നതുകൊണ്ട് ഫലമില്ലെന്നും കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

(സി) കേസ് പിൻവലിക്കാനുള്ള തീരുമാനമെടുത്ത മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടെങ്കിൽ അത് ശരിയല്ലെന്നും, മുഖ്യമന്ത്രിയുടെ താത്പര്യം സംരക്ഷിക്കാനാണോ കേസ് പിൻവലിക്കുന്നതെന്നും കോടതി ആരാഞ്ഞുവോ ; എങ്കിൽ ഇത് സംബന്ധിച്ച അഭിപ്രായം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാർകോഴ വിവാദം സംബന്ധിച്ച അന്വേഷണം

281 (283) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് നേരിട്ട് ലഭിച്ച പരാതികളും പത്ര-ദൃശ്യ മാധ്യമവാർത്തകളും എത്ര ; പ്രധാനമായും ഏതൊക്കെ ;

(ബി) അന്വേഷണ സംഘം ഏതെല്ലാം പരാതികളും വെളിപ്പെടുത്തലുകളും അന്വേഷണ വിധേയമാക്കുകയുണ്ടായി ;

(സി) ആരുടെയെല്ലാം വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; കോഴ വാങ്ങിയതായി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഡി) അടച്ചുപൂട്ടപ്പെട്ട എത്ര ബാറുകളുടെ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി; കോഴ നൽകാൻ പണം നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ബാറുടമകളെ ചോദ്യം ചെയ്തു എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly